# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.104/PR/PIC/PHQ/18     Date : 24.04.2018

## പത്രക്കുറിപ്പ്

വിദേശവനിത ലിഗ സ്ക്രോമാന്റെ തിരോധാനം സംബന്ധിച്ച പരാതിയിൽ കേരള പോലീസ് സാധ്യമായ നടപടികളെല്ലാം സ്വീകരിച്ചിരുന്നു. വിഷാദ രോഗത്തിന് ചികിത്സയിലായിരുന്ന ശ്രീമതി ലിഗയെ മാർച്ച് 14 ന് രാവിലെ 7.30 നാണ് പോത്തൻകോട് ആയുർവേദ ചികിത്സാകേന്ദ്രത്തിൽ നിന്ന് കാണാതാകുന്നത്. 8.30 ന് അവർ കോവളത്ത് ഗ്രോ ബീച്ചിൽ ഒരു ഓട്ടോറിക്ഷയിൽ എത്തിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ബന്ധുക്കൾ പ്രാഥമികാന്വേഷണം നടത്തിയശേഷം ഇതുസംബന്ധിച്ച് പരാതി അന്ന് വെകിട്ട് കോവളം പോലീസ് സ്റ്റേഷനിലും പോത്തൻകോട് പോലീസ് സ്റ്റേഷനിലും നൽകിയതിനെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത് ഉടൻതന്നെ ആവശ്യമായ വയർലെസ് സന്ദേശവും ക്രൈം കാർഡ് അയക്കുകയും പരിശോധന ആരംഭിക്കുകയും ചെയ്തു. രണ്ട് എസ് ഐ മാർ ഉൾപ്പെടെയുള്ള സംഘം കോവളം ബീച്ചും പരിസരവും രാത്രി മൂന്നുമണിവരെ ഇവരുടെ ഫോട്ടോ കാണിച്ച് പരിശോധിച്ചു. ഇരുപതോളം ഹോട്ടലുകളിലും അന്വേഷണം നടത്തി. ഇക്കാര്യത്തിൽ കോവളം പോലീസും ടൂറിസം പോലീസും സഹായത്തിനുണ്ടായിരുന്നു. തുടർന്ന് മാർച്ച് 15 ന് മാധ്യമങ്ങളിൽ വാർത്ത നൽകുകയും റൂറൽ ഷാഡോ പോലീസ് ഇവർ മുൻപ് താമസിച്ചിരുന്ന വർക്കലയിലെ റെസ്റ്റോറന്റുകളിലും ഹോട്ടലുകളിലും അമൃതപുരിയിലും അന്വേഷണം നടത്തുകയും ചെയ്തു. തുടർന്ന് പോത്തൻകോഡ് പോലീസ് സ്റ്റേഷനിലെ അംഗങ്ങളെ ഉൾപ്പെടുത്തി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം തുടർന്നു. മാർച്ച് 19 ന് സിറ്റി പോലീസ് കമ്മീഷണർ തിരച്ചിലിനായി മുതിർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിപുലമായ അന്വേഷണ സംഘത്തെ കൂടി നിയോഗിച്ചു. സാമൂഹിക മാധ്യമങ്ങളിലും ഇതു സംബന്ധിച്ച പ്രചാരണം നൽകിയിരുന്നു.

അന്വേഷണം തുടരവെ ശ്രീമതി ലിഗയുടെ കുടുംബാംഗങ്ങൾ സംസ്ഥാന പോലീസ് മേധാവിയെ കാണുകയും സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം അന്വേഷണം കൂടുതൽ വിപുലപ്പെടുത്തുകയും ചെയ്തു. ഇതിനിടയിൽ തമിഴ്നാട്ടിൽ ഒരു വിദേശവനിതയുടെ മൃതദേഹം ലഭിച്ചതറിഞ്ഞ് പോലീസ് സംഘം ബന്ധുക്കളേയും കൂട്ടി അവിടെയും പരിശോധന നടത്തി അത് ശ്രീമതി ലിഗയുടേതല്ലെന്ന് തിരിച്ചറിയുകയും

ചെയ്തിരുന്നു. തുടർന്ന് മാർച്ച് 23 ന് ഐ ജി മനോജ് എബ്രഹാമിന്റെ അന്വേഷണ മേൽനോട്ടത്തിൽ തിരുവനന്തപുരം ഡി സി പി ജയദേവ് ഐ പി എസിന്റെ നേതൃത്വത്തിൽ ആറ്റിങ്ങൾ ഡി വൈ എസ് പി അനിൽകുമാർ അന്വേഷണ ഉദ്യോഗസ്ഥനായി മൂന്ന് ഡി വൈ എസ് പി മാർ ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പത്തംഗ സംഘം രൂപീകരിക്കുകയും ശ്രീമതി ലിഗയെ കണ്ടെത്തുന്നതിന് സഹായകരമായ വിവരം നൽകുന്നവർക്ക് രണ്ടുലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തു. അതോടൊപ്പം സംസ്ഥാന പോലീസിന്റെയും സർക്കാരിന്റേയും അഭ്യർത്ഥന അനുസരിച്ച് സ്കൂബാ ഡൈവിങ് ടീം ഉൾപ്പെടെ നേവിയുടെ മുങ്ങൽ വിദഗ്ധർ കോവളം മുതൽ വിഴിഞ്ഞം വരെയുള്ള കടലിന്റെ അടിത്തട്ട് പരിശോധന നടത്തിയിരുന്നു. തിരോധാനം നടന്നതുമുതൽ ലിഗയുടേതെന്ന് സംശയിക്കുന്ന മൃതദേഹം ലഭിച്ചതുവരെ കോവളത്തെ 245 ഹോട്ടലുകൾ പരിശോധിക്കുകയും 375 പേരെ നേരിൽ കണ്ട് ചോദിക്കുകയും 40 സിസിടിവി ക്ലിപ്പിങ്ങുകൾ 20 കോൾ ടീറ്റെയിൽസ് റെക്കോർഡുകളും പരിശോധിക്കുകയും ചെയ്തിരുന്നു. ഡോഗ് സ്ക്വാഡിന്റെ പരിശോധനയും നടത്തിയിരുന്നു. കേരളത്തിലെ വിവിധ സ്ഥലങ്ങൾക്കുപുറമേ രാമേശ്വരവും മംഗലാപുരവും ഗോവയും വേളാങ്കണ്ണിയുമുൾപ്പെടെ ദക്ഷിണേന്ത്യയിലെ പ്രമുഖ തീർഥാടന കേന്ദ്രങ്ങളിലും അന്വേഷണ സംഘം പരിശോധന നടത്തിയിരുന്നു. ഇക്കാര്യം സംബന്ധിച്ച് ഹേബിയസ് കോർപ്പസ് ഹർജി വന്നപ്പോൾ ബഹു. ഹൈക്കോടതിയിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ശ്രീമതി ലിഗയുടെ കുടുംബാംഗങ്ങളും ഡി ജി പി യ്ക്ക് പരാതി നൽകിയ ശേഷമുള്ള അന്വേഷണത്തിൽ തൃപ്തിയുണ്ടെന്നാണ് പറഞ്ഞിരുന്നത്.

ശ്രീമതി ലിഗയുടെ കുടുംബാംഗങ്ങളോട് ഏറ്റവും സഹാമുഭുതിയോടെയാണ് പോലീസ് ഇടപെട്ടിട്ടുള്ളത്. വിക്ടിം ലെയ്സൺ ഓഫീസറായി കുടുംബത്തെ സഹായിക്കുന്നതിന് ഡിജിപി യുടെ ടീമിലെ ഒരു ഡി.വൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയോഗിച്ചിരുന്നു. അവരെ അതിഥികളായി കണക്കാക്കി തിരുവനന്തപുരത്തെ പോലീസ് ക്ലബ്ബിൽ നാല് ദിവസം താമസിപ്പിക്കുകയും ചെയ്തു.

ശ്രീമതി ലിഗയുടേതെന്ന് സംശയിക്കുന്ന മൃതദേഹം ലഭിച്ചതിന് ശേഷവും മരണകാരണം കണ്ടെത്തുന്നതിൽ ഏറ്റവും ശാസ്ത്രീയമായ അന്വേഷണം നടത്തിവരുകയാണ്. ഇക്കാര്യത്തിനായി ഐ ജി മനോജ് എബ്രഹാമിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം കമ്മീഷണർ പി പ്രകാശ് മുതിർന്ന ഉദ്യോഗസ്ഥരുൾപ്പെടെയുള്ള വലിയൊരു സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും മികച്ച മെഡിക്കോ ലീഗൽ, ഫോറൻസിക് വിദഗ്ധരുടെ സഹായത്തോടെ ശരിയായ മരണകാരണം കണ്ടെത്തുന്നതിനുള്ള അന്വേഷണം നടക്കുകയാണ്. ഈ ഘട്ടത്തിൽ വസ്തുത കണ്ടെത്തുന്നതിന് അന്വേഷണവുമായി പൂർണ്ണമായും സഹകരിക്കണമെന്നും തെറ്റിദ്ധാരണാജനകമായ പ്രചാരണങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കണമെന്നും എല്ലാവരോടും കേരള പോലീസ് അഭ്യർത്ഥിക്കുന്നു.

******************************************